**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 904** **11-02-2025 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക വിഭാഗക്കാർക്കായി ഏർപ്പെടുത്തിയിരിക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനും ഫ്രീഷിപ്പ് കാർഡിനും അർഹമായ ജാതിവിഭാഗങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പരിധിയിൽ വരുന്ന ഒ.ഇ.സി, ഒ.ബി.സി.(എച്ച്), എസ്.ഇ.ബി.സി. വിഭാഗങ്ങൾ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അർഹരാണ്. എന്നാൽ ഈ വിഭാഗങ്ങൾക്ക് ഫ്രീഷിപ്പ് കാർഡ് അനുവദിച്ച നൽകിയിട്ടില്ല. |
| (ബി) | മെറിറ്റിൽ പ്രവേശനം നേടിയതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനവുമുള്ള ഈഴവ, തീയ തുടങ്ങിയ വിഭാഗങ്ങളെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഒഴിവാക്കിയതെന്ന് അറിയിക്കാമോ? | (ബി) | നിലവിൽ സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഈഴവ, തീയ്യ തുടങ്ങിയ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച വരുന്നുണ്ട്. കൂടാതെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന ടി വിഭാഗം വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്. ഈ വിഭാഗത്തിന് നൽകുന്ന വിദ്യാഭ്യാസാനുകൂല്യത്തിൽ മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ